REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 29-06-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **പത്തു വർഷം പൂർത്തിയാക്കിയ യോഗാദിനാചരണം ലോകം മുഴുവൻ വൻ സ്വീകാര്യത നേടിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി. യോഗ ശാക്തീകരണത്തിന്റെ മാധ്യമമായി മാറിയതായും മൻ കി ബാതിൽ പ്രധാനമന്ത്രി പറഞ്ഞു.**
- **ആരോഗ്യരംഗത്ത് ട്രാക്കോമ എന്ന നേത്ര രോഗത്തിൽ നിന്ന് രാജ്യം പൂർണ മുക്തി പ്രാപിച്ചു. രാജ്യത്തെ 64 ശതമാനത്തിലേറെ പേരും സാമൂഹ്യ സംരക്ഷണ ആനുകൂല്യങ്ങൾ നേടുന്നുണ്ടെന്നും പ്രധാനമന്ത്രി.**
- **പോലീസിൽ സമൂല മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **മുല്ലപ്പെരിയാർ ഡാം തുറന്നു. 13 സ്പിൽവേ ഷട്ടറുകൾ വഴി വെള്ളം പുറത്തേക്കൊഴുക്കി തുടങ്ങി- പെരിയാറിന്റെ തീരത്ത് ജാഗ്രത തുടരുന്നു.**
- **ബെർലിനിൽ FIH വനിതാ ഹോക്കിയിൽ ഇന്ത്യ ഇന്ന് ചൈനയെ നേരിടും.**

## വാർത്തകൾ വിശദമായി

**പത്തു വർഷം മുമ്പ് ആരംഭിച്ച യോഗാ ദിനാചരണം ഓരോ വർഷവും കൂടുതൽ ജനസ്വീകാര്യത നേടിയെടുക്കുകയാണെന്നും ലോകം മുഴുവൻ ശാക്തീകരണത്തിന്റെ മാധ്യമമായി യോഗയെ അംഗീകരിച്ചു കഴിഞ്ഞതായും പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. സേനാംഗങ്ങളും സാധാരണക്കാരും ദിവ്യാംഗരും സമർപ്പണ ബുദ്ധിയോടെ**

യോഗാദിനാചരണത്തെ ജീവിതത്തിലേക്ക് ഏറ്റുവാങ്ങിയതായി ആകാശവാണിയിലെ പ്രതിമാസ മൻകി ബാതിൽ പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ഈ യോഗാദിനത്തിന്റെ മഹത്വം കൂടുതൽ ആളുകളെ യോഗ സ്വീകരിക്കാൻ പ്രചോദിപ്പിക്കുമെന്ന് അദ്ദേഹം വിശ്വാസം പ്രകടിപ്പിച്ചു.

[HOLD - PM VOICE - YOGA]

തീർത്ഥാടന കാലം 'ഏക ഭാരതം, ശ്രേഷ്ഠ ഭാരതം ' എന്ന കാഴ്ചപ്പാടിന്റെ പ്രതിഫലനമാണെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ആത്മീയ വിശുദ്ധിയുടെ അവസരത്തിനപ്പുറം സേവനങ്ങൾക്ക് വഴിതുറക്കുന്ന ആചാരമാണ് തീർത്ഥാടനമെന്നും അദ്ദേഹം പറഞ്ഞു. തീർത്ഥാടനത്തിന് പോകുന്നവരേക്കാൾ കൂടുതൽ ആളുകൾ അവരെ സേവിക്കുന്നതിനായി മുന്നോട്ടു വരുന്നു. വളരെക്കാലത്തിനു ശേഷം കൈലാസ് മാനസ സരോവർ യാത്ര പുനരാരംഭിച്ചു. ജൂലൈ മൂന്ന് മുതൽ അമർനാഥ് യാത്ര ആരംഭിക്കാൻ പോകുന്നു. മതപരമായ യാത്രകൾ പൂർണ സമർപ്പണത്തോടെയും അച്ചടക്കത്തോടെയും ഭക്തിയോടെയും പൂർത്തിയാക്കുമ്പോൾ അതിന്റെ സത്ഫലങ്ങൾ ലഭ്യമാകും. എല്ലാ തീർത്ഥാടകർക്കും പ്രധാനമന്ത്രി ആശംസകൾ നേർന്നു.

ആരോഗ്യരംഗത്ത് രാജ്യത്തിന്റെ രണ്ടു നേട്ടങ്ങൾ എടുത്തു പറഞ്ഞ പ്രധാനമന്ത്രി, ട്രാക്കോമ എന്ന നേത്ര രോഗത്തിൽ നിന്ന് ഭാരതം സമ്പൂർണമായി മുക്തി പ്രാപിച്ചെന്ന നേട്ടം എടുത്തുപറഞ്ഞു. ഇപ്പോൾ ലോകാരോഗ്യ സംഘടന ട്രാക്കോമ രഹിത രാജ്യമായി ഇന്ത്യയെ പ്രഖ്യാപിച്ചുകഴിഞ്ഞു. സ്വച്ഛ് ഭാരത് അഭിയാനും, ജൽ ജീവൻ മിഷനും, ഒപ്പം ദശലക്ഷക്കണക്കിന് ആളുകളുടെ കഠിനാധ്വാനവുമാണ് ഈ നേട്ടത്തിന് പിന്നിലെന്ന് അദ്ദേഹം മൻ കി ബാതിൽ പറഞ്ഞു. ബാക്ടീരിയ വഴി ഉണ്ടാകുന്ന ഈ നേത്ര രോഗത്തിന്റെ പകർച്ചാസാധ്യത എല്ലാ വീട്ടിലും ശുദ്ധജലം എത്തിയതോടെ ഇല്ലാതെയായി.

[HOLD - PM VOICE - TRICOMA]

ഭാരതത്തിലെ ജനസംഖ്യയുടെ 64 ശതമാനത്തിലധികം പേരും ഏതെങ്കിലും സാമൂഹ്യ സംരക്ഷണ ആനുകൂല്യങ്ങൾ നേടുന്നുണ്ടെന്ന് അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ റിപ്പോർട്ടിൽ പറയുന്നതായി പ്രധാനമന്ത്രി പറഞ്ഞു. അതിനർത്ഥം രാജ്യത്തെ 95 കോടിയോളം ആളുകൾ സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങൾ നേടുന്നുണ്ടെന്നാണ്. 2015 വരെ 25 കോടിയിൽ താഴെ ആളുകൾക്കു മാത്രമാണ് ആനുകൂല്യങ്ങൾ എത്തിയിരുന്നത്.

അടിയന്തരാവസ്ഥക്കാലത്തെ കറുത്ത നാളുകൾ ഓർമ്മിപ്പിച്ച് രാജ്യം സംവിധാൻ ഹത്യ ദിവസ് ആചരിച്ചതായി പ്രധാനമന്ത്രി പറഞ്ഞു. ഭരണഘടനയെയും നീതിന്യായ വ്യവസ്ഥയെയും അടിച്ചമർത്തിയവർ ജോർജ് ഫെർണാണ്ടസ് അടക്കം ജനനേതാക്കളെ ചങ്ങലകളിൽ ബന്ധിച്ചു. നിരവധി പേരെ പീഡിപ്പിച്ചു. പത്രസ്വാതന്ത്ര്യവും അഭിപ്രായ സ്വാതന്ത്ര്യവും ഇല്ലാതെയായി. ആയിരങ്ങൾ മനുഷ്യത്വരഹിതമായ അതിക്രമങ്ങൾക്ക് വിധേയരായെങ്കിലും ഇന്ത്യയിലെ ജനങ്ങളുടെ ശക്തി അവയ്ക്കൊന്നിനും വഴങ്ങിയില്ല. ജനാധിപത്യത്തിൽ വിട്ടുവീഴ്ചയ്ക്കും തയ്യാറായില്ല. അങ്ങിനെ അടിയന്തരാവസ്ഥ പിൻവലിച്ചു. അത് ഏർപ്പെടുത്തിയവർ പരാജയപ്പെട്ടു- പ്രധാനമന്ത്രി പറഞ്ഞു. ജനങ്ങൾ വിജയിച്ചു. മുൻ പ്രധാനമന്ത്രിമാരായ മൊറാർജി ദേശായിയുടെയും AB വാജ്പേയിയുടെയും ഇതുമായി ബന്ധപ്പെട്ട ശബ്ദശകലങ്ങൾ മൻ കി ബാതിൽ ഉൾപ്പെടുത്തിയിരുന്നു.

ബോഡോലാൻഡ് ഇപ്പോൾ ഫുട്ബോളിന്റെ നാടായി മാറിയതും, 70,000 ത്തോളം കളിക്കാരിൽ നല്ലൊരു പങ്കും പെൺകുട്ടികളാണെന്ന അഭിമാനവും നരേന്ദ്രമോദി പങ്കുവെച്ചു. പുതിയ തലമുറയുടെ സ്വത്വമാണ് അതിലൂടെ പ്രതിഫലിക്കുന്നത്.

രാജ്യത്തെ കലകളുടെയും കരകൗശലങ്ങളുടെയും വൈവിധ്യവും, മികവും അഭിമാനാർഹമാണെന്ന് അദ്ദേഹം പറഞ്ഞു. മേഘാലയയിലെ എറീസിൽക്കിന് GI ടാഗ് ലഭിച്ചതിലെ സന്തോഷം അദ്ദേഹം പങ്കുവെച്ചു.

സ്ത്രീ മുന്നേറ്റത്തിന്റെ പ്രതീകമായി തെലങ്കാനയിലെ ഭദ്രാചലത്തിലെ വനിതകൾ മാറിയ സംഭവം അദ്ദേഹം എടുത്തു പറഞ്ഞു. പണ്ട് തൊഴിലാളികളായി പ്രവർത്തിച്ചിരുന്ന അവർ തിനയെന്ന ചെറുധാന്യത്തിൽ നിന്ന് ബിസ്ക്കറ്റുണ്ടാക്കി ഭദ്രാദ്രി മില്ലറ്റ് മാജിക് എന്ന പേരിൽ കയറ്റുമതി ചെയ്യുകയാണ്. ഗിരി സാനിറ്ററി പാഡുകളും അവർ നിർമ്മിക്കുന്നുണ്ട്. കർണാടക കൽബുർഗിയിലെ വനിതാ സംരംഭം, റൊട്ടി ബ്രാൻഡ് ഉത്പാദനം തുടങ്ങിയ നേട്ടവും അദ്ദേഹം പങ്കുവെച്ചു.

ജൂലൈ ഒന്നിന് ഡോക്ടർമാരെയും ചാർട്ടേർഡ് അക്കൗണ്ടന്റുമാരെയും ആദരിക്കുന്ന ദിവസമാണെന്ന് പ്രധാനമന്ത്രി ഓർമ്മിപ്പിച്ചു. സമൂഹത്തിന്റെ രണ്ടു തൂണുകളാണ് അവരെന്ന് പ്രധാനമന്ത്രി മൻ കി ബാതിൽ എടുത്തുപറഞ്ഞു.

✪✪✪

പാകിസ്താനിലെ വസീറിസ്ഥാനിൽ കാർ ബോംബ് ആക്രമണത്തിന് പിന്നിൽ ഇന്ത്യയാണെന്ന പാക് സൈന്യത്തിന്റെ പ്രസ്താവന ഇന്ത്യ

തള്ളി. പ്രസ്താവന അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളയുന്നതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ശനിയാഴ്ചയുണ്ടായ ആക്രമണത്തിൽ 13 പാക് സൈനികർ കൊല്ലപ്പെട്ടിരുന്നു.

✪✪✪

ഡോ. ശ്യാമ പ്രസാദ് മുഖർജി അനുസ്മരണത്തോടനുബന്ധിച്ച് പൂജപ്പുര ഭഗത് സിംഗ് പാർക്കിൽ കേന്ദ്ര ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ശ്രീ. പ്രൾഹാദ് ജോഷി വൃക്ഷത്തൈ നട്ടു. BJP സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ, തിരുവനന്തപുരം സിറ്റി ജില്ലാ അധ്യക്ഷൻ കരമന ജയൻ, ദേശീയ നിർവാഹക സമിതി അംഗം P.K കൃഷ്ണദാസ് തുടങ്ങിയവർ പങ്കെടുത്തു.

✪✪✪

ഉത്തരാഖണ്ഡിലെ ഉത്തരകാശിയിൽ മേഘവിസ്ഫോടനത്തിൽ എട്ടിലേറെ നിർമാണ തൊഴിലാളികളെ കാണാതായി. ബാലിഗഡിൽ മണ്ണിടിച്ചിൽ തൊഴിലാളികളുടെ ക്യാംപ്സൈറ്റ് പൂർണമായും ഒഴുകിപ്പോയി. NDRF, SDRF, പൊലീസ്, മറ്റു വകുപ്പുകൾ എന്നിവരുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം തുടരുന്നു. സ്ഥിതിഗതികൾ നിരീക്ഷിക്കുകയാണെന്ന് മുഖ്യമന്ത്രി പുഷ്ക്കർ സിംഗ് ധാമി അറിയിച്ചു.

✪✪✪

പോലീസിൽ സമൂല മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സംസ്ഥാന പോലീസിന്റെ മുഖം വലിയ തോതിൽ മാറിക്കഴിഞ്ഞ കാലമാണിത്. സൈബർ കുറ്റവാളികളെയും, കുറ്റ കൃത്യങ്ങളിൽ ഏർപ്പെടുന്നവരെയും മാതൃകപരമായി പിടികൂടുവാൻ കേരള പോലീസിന് സാധിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. പിണറായി പോലീസ് സ്റ്റേഷന് നിർമിക്കുന്ന പുതിയ കെട്ടിടത്തിന് തറക്കല്ലിടുകയായിരുന്നു മുഖ്യമന്ത്രി.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ രണ്ടു മാസത്തെ ഫയൽ അദാലത്തിന് മറ്റന്നാൾ തുടക്കമാകും. കഴിഞ്ഞ മെയ് 31 വരെ തീരുമാനമാകാത്ത ഫയലുകൾ വേഗത്തിൽ തീർപ്പാക്കാൻ ലക്ഷ്യമിട്ടാണ് അദാലത്ത് സംഘടിപ്പിക്കുന്നത്. വികസന- മുൻഗണനാ പദ്ധതികൾ, യുവജനങ്ങളുടെ തൊഴിൽ പദ്ധതികൾ, കേന്ദ്രസഹായം ലഭിക്കുന്ന

പദ്ധതികൾ എന്നിവയ്ക്ക് അദാലത്തിൽ മുൻഗണന നൽകും. വകുപ്പു സെക്രട്ടറിമാർ ഫയലുകളുടെ മുൻഗണനാ പട്ടിക തയ്യാറാക്കും. മന്ത്രിമാർ രണ്ടാഴ്ചയിലൊരിക്കൽ ഫയൽ അദാലത്തിന്റെ പുരോഗതി വിലയിരുത്തും. തീർപ്പാക്കിയ ഫയലുകളുടെ വിവരങ്ങൾ സെപ്റ്റംബർ 15 നകം വകുപ്പു സെക്രട്ടറിമാർ മന്ത്രിമാർക്ക് സമർപ്പിക്കണം. സെപ്റ്റംബർ 20 നകം മന്ത്രിമാർ ഈ വിവരം മുഖ്യമന്ത്രിക്ക് ലഭ്യമാക്കണമെന്നാണ് നിർദ്ദേശം.

✪✪✪

മന്ത്രിസഭാ വാർഷികാഘോഷങ്ങളുടെ ഭാഗമായി നാല് ജില്ലകളുടെ മേഖലാതല അവലോകന യോഗം മറ്റന്നാൾ രാവിലെ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ കണ്ണൂർ കൃഷ്ണമേനോൻ മെമ്മോറിയൽ ഗവ: വനിതാ കോളേജിൽ നടത്തും. കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോട് ജില്ലകളിലെ വികസന പദ്ധതികൾ യോഗത്തിൽ അവലോകനം ചെയ്യും. മന്ത്രിമാർ, ചീഫ് സെക്രട്ടറി, DGP, നാലു ജില്ലകളിലെ കലക്ടർമാർ, മറ്റ് ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

മുല്ലപ്പെരിയാർ ഡാം തുറന്നു. 12 മണിയോടെയാണ് 13 സ്പിൽവേ ഷട്ടറുകൾ വഴി വെള്ളം പുറത്തേക്കൊഴുക്കാൻ തുടങ്ങിയത്. സെക്കന്റിൽ 250 ഘന അടി വെള്ളമാണ് പെരിയാറ്റിലേക്ക് ഒഴുക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണയുടെ റിപ്പോർട്ട്.

....(വോയ്സ്) .......

✪✪✪

കൊട്ടിയൂർ വൈശാഖ മഹോത്സവത്തിന് വൻ ഭക്തജന തിരക്ക്. നാളെ ഉച്ചവരെ മാത്രമാണ് സ്ത്രീകൾക്ക് അക്കരെ കൊട്ടിയൂരിൽ പ്രവേശനം.

കണ്ണൂർ പ്രതിനിധി K.O.ശശിധരന്റെ റിപ്പോർട്ട്.

...(വോയ്സ്)......

✪✪✪

നാലുവർഷ ബിരുദ കോഴ്സ് വിദ്യാർത്ഥികളെ വരവേൽക്കാൻ ജൂലൈ ഒന്നിന് സംസ്ഥാനത്തെ മുഴുവൻ കോളജുകളിലും വിജ്ഞാനോത്സവം സംഘടിപ്പിക്കും. കോഴിക്കോട് മീഞ്ചന്ത ഗവ: ആർട്സ് ആന്റ് സയൻസ് കോളജിൽ മന്ത്രി ഡോ. R ബിന്ദു വിജ്ഞാനോത്സവത്തിന്റെ സംസ്ഥാനതല ചടങ്ങ് ഉദ്ഘാടനം ചെയ്യും.

ഗവൺമെന്റ്, എയ്ഡഡ്, സ്വാശ്രയ കോളജുകൾ പരിപാടിയിൽ പങ്കെടുക്കും. കഴിഞ്ഞ ജൂലൈ ഒന്നിനാണ് കേരളത്തിലെ എട്ട് സർവകലാശാലാ ക്യാമ്പസുകളിലും 9,00 ത്തോളം കോളജുകളിലും നാലുവർഷ ബിരുദ കോഴ്സുകൾക്ക് തുടക്കമായത്.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിലും മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ് അറിയിച്ചു. ഇന്ന് പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശം നൽകി.

കേരള- കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും നിർദ്ദേശമുണ്ട്.

✪✪✪

കേരളത്തിലെ യുവാക്കൾക്ക് വിദ്യാഭ്യാസത്തിനും തൊഴിലിനും വിദേശത്തേക്ക് പോകേണ്ടിവരുന്ന സാഹചര്യം ഗൗരവതരവും, പരിഹരിക്കപ്പെടേണ്ടതുമാണെന്ന് AICC സംഘടന ജനറൽ സെക്രട്ടറി K.C വേണുഗോപാൽ പറഞ്ഞു. ഇന്ത്യയിൽ നിന്ന് വിദേശ വിദ്യാഭ്യാസത്തിന് പോകുന്ന 20 ശതമാനത്തിൽ അഞ്ചിൽ ഒന്നും മലയാളികളാണെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

കണ്ണൂർ കോർപറേഷനിലെ തെരുവുനായ ശല്യം പരിഹരിക്കുന്നതിന് നിർമ്മിക്കുന്ന 20 ഷെൽട്ടർ ഹോമുകളിൽ ആറ് എണ്ണത്തിന്റെ പ്രവൃത്തി പൂർത്തിയായി. കഴിഞ്ഞ ദിവസങ്ങളിൽ എഴുപതോളം തെരുവുനായ്ക്കളെ പിടികൂടി ABC കേന്ദ്രങ്ങളിലെത്തിച്ചു.

✪✪✪

സംസ്ഥാന വനിതാ കമ്മീഷന്റെ കാസർകോട് തീരദേശ മേഖലാ ദ്വിദിന ക്യാമ്പ് പടന്ന കടപ്പുറത്ത് ആരംഭിച്ചു. വനിതാ കമ്മീഷൻ അംഗം P.കുഞ്ഞായിഷ ഉദ്ഘാടനം ചെയ്തു.

✪✪✪

പേവിഷബാധക്കെതിരായ ബോധവത്കരണത്തിന്റെ ഭാഗമായി നാളെ കോഴിക്കോട് ജില്ലയിലെ സ്കൂൾ അസംബ്ലികളിൽ പ്രത്യേക ക്ലാസ് സംഘടിപ്പിക്കും. മൃഗങ്ങളിൽ നിന്ന് കടിയോ, മാന്തലോ, പോറലോ ഏറ്റാൽ നൽകേണ്ട പ്രഥമ ശുശ്രൂഷ, വാക്സിനേഷൻ, മൃഗങ്ങളോട് ഇടപഴകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നീ വിഷയങ്ങളിൽ കുട്ടികൾക്കും, അധ്യാപകർക്കും ബോധവത്കരണം നൽകും.

✪✪✪

---

*News Editor : വികെ സുരേഷ്*
*News Reader: ശ്രീജി*
*CNRTs: അനിൽ ചന്ദ്രൻ, ശ്രീജി, പ്രവീൺ*
*DEO: ഷീബ*